**നമ്പർ: സി.പി.(4) 24777/2011** **സഹകരണസംഘം രജിസ്ട്രാർ ആഫീസ്,**
തിരുവനന്തപുരം, തീയതി: 25.06.2011

## സർക്കുലർ നമ്പർ 43/2011

വിഷയം: **സഹകരണവകുപ്പ് – സർക്കാരിന്റെ 100 ദിനകർമ്മ പരിപാടികൾ – കുടിശ്ശിക നിവാരണം പദ്ധതി – "ആശ്വാസ് 2011" – പദ്ധതി കാലയളവിൽ എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ജപ്തിനടപടികൾ നിർത്തി വച്ചുകൊ ് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.**

സൂചന: സഹകരണസംഘം രജിസ്ട്രാറുടെ 23.06.2011 ലെ 41/2011 –ാം നമ്പർ സർക്കുലർ.

കേരള സർക്കാരിന്റെ 100 ദിവസത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി, സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും കടബാദ്ധ്യതയിലായ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനുമായി **2011 ജൂലായ് 1 മുതൽ 45 ദിവസത്തേയ്ക്ക് "ആശ്വാസ് 2011"** എന്ന പേരിൽ ഒരു കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതും, ടി പദ്ധതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

വായ്പാ കുടിശ്ശികക്കാർക്ക് പരമാവധി ആശ്വാസം നൽകുന്നതിന് ഉദ്ദേശിച്ചുള്ള ടി പദ്ധതി കാലയളവിൽ സഹകരണ സംഘങ്ങളുമായി/ബാങ്കുകളുമായി ബന്ധപ്പെട്ട വായ്പകളിൻമേലുള്ള എല്ലാ ജപ്തി നടപടികളും നിർത്തിവയ്ക്കുന്നതിന് ഇതിനാൽ നിർദ്ദേശം നൽകുന്നു.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)